# ഭാരതീയ റിസർവ് ബാങ്ക്

ജൂലൈ 11, 2017

**ബാങ്കിംഗ് റഗുലേഷൻ നിയമം 1949 (എ. എ. സി. എസ്)**

**പ്രകാരം നൽകുന്ന മാർഗനിർദ്ദേശം**

**ഗോമതി നാഗരീയ സഹ്കാരി ബാങ്ക് ലിമിറ്റഡ്, ജാവുൻപൂർ, യു. പി.**

പൊതുജന താൽപര്യാർത്ഥം ഗോമതി നാഗരീയസഹ്കാരി ബാങ്ക് ലിമിറ്റഡ്, ജാവുൻപൂർ, ഉത്തർപ്രദേശിന് ബാങ്കിംഗ് റഗുലേഷൻ നിയമം 1949 സഹകരണബാങ്കുകൾക്കു ബാധകമായത്) വകുപ്പ് 35 എ), വകുപ്പ് 56 എന്നിവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾക്കു നൽകേണ്ടത് ആവശ്യമാണെന്ന് ഭാരതീയ റിസർവ് ബാങ്കിന് ബോധ്യപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് ഗോമതി നാഗരീയ സഹകാരി ബാങ്ക് ലിമിറ്റഡ് ജാവുൻപൂർ, യു. പിയെ 2017 ജൂലൈ 10 ബിസിനസ് സമയം അവസാനിക്കുന്നതിനുശേഷം, തുടർന്ന് റിസർവ് ബാങ്കിന്റെ രേഖാമൂലമുള്ള മുൻ അംഗീകാരം കൂടാതെ ഒരു ലോണും അഡ്വാൻസും കൊടുക്കുകയോ, പുതുക്കുകയോ ചെയ്യരുതെന്നും, നിക്ഷേപം നടത്തുകയോ പുതിയ നിക്ഷേപം സ്വീകരിക്കുകയോ പണം കടം വാങ്ങുകയോ ചെയ്യരുതെന്നും ഒരു തരത്തിലുള്ള ബാധ്യതയും ഉണ്ടാക്കരുതെന്നും, ഒരു ഒത്തുതീർപ്പിലും ഏർപ്പെടരുതെന്നും അതിന്റെ വസ്തുവകകളോ ആസ്തിയോ താഴെ സൂചിപ്പിക്കുന്നതിനപ്പുറം വിലക്കുകയോ ട്രാൻസ്ഫർ ചെയ്യുകയോ മറ്റുതരത്തിൽ ഒഴിവാക്കുകയോ ചെയ്യരുതെന്നും വിലക്കുന്നു.

1) ഒരു നിക്ഷേപകന് വായ്പക്കാരനോ ജാമ്യക്കാരനോ എന്ന നിലയിലോ, മറ്റുരീതിയിലോ ബാങ്കിനോട് ബാധ്യതയുണ്ടെങ്കിൽ ആദ്യം തുക ആ ബാധ്യതയിൽ വരവുവയ്ക്കണം, സേവിംഗ്സ് ബാങ്ക്, കറണ്ട് അക്കൗണ്ട്, സ്ഥിര നിക്ഷേപക്ഷങ്ങൾ, മറ്റു നിക്ഷേപങ്ങൾ ഇവ ഏതു പേരിലായാലും 1000 രൂപ (ആയിരം രൂപ മാത്രം) മാത്രമേ പിൻവലിക്കാനനുവദിക്കാവൂ

2) നിലവിലുള്ള സ്ഥിര നിക്ഷേപ കാലാവധിക്ക് അതേ പേരിലോ രീതിയിലോ ആണെങ്കിൽ പുതുക്കാം.

3) ഈ നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്ന ചിലവുകൾ മാത്രം

4) ഗവൺമെന്റിലെ നിക്ഷേപമോ എസ്.എൽ. ആർ അംഗീകൃത സെക്യൂരിറ്റികളിലോ ഉള്ള നിക്ഷേപം.

റിസർവ് ബാങ്കിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ മറ്റൊരു ബാധ്യതയും വഹിക്കാനോ, തീർപ്പാക്കാനോ പാടില്ല.

പൊതുജന താല്പര്യാർത്ഥം വിശദമായ മാർഗനിർദ്ദേശങ്ങൾ ബാങ്കിന്റെ നോട്ടീസ്ബോർഡിൽ പതിച്ചിട്ടുണ്ട്. സാഹചര്യമനുസരിച്ച് ഈ നിർദ്ദേശിക്കുന്നകാര്യങ്ങൾ മാറ്റംവരുത്തേണ്ടപക്ഷം അപ്പോൾ റിസർവ് ബാങ്ക് അക്കാര്യം പരിഗണിക്കും ഈ നിർദ്ദേശങ്ങൾ നൽകി എന്നു കരുതി റിസർവ് ബാങ്ക് പ്രസ്തുത ബാങ്കിനുള്ള ലൈസൻസ് റദ്ദാക്കിയെന്നു കരുതരുത്, നിയന്ത്രണങ്ങളോടെ ബാങ്ക് തുടർന്നും ബാങ്കിംഗ് പ്രവർത്തനം തുടരും.

ഈ നിർദ്ദേശങ്ങൾ പുന:പരിശോധനയ്ക്കു വിധേയമായി 2017 ജൂലൈ 10 ബിസിനസ്സ് സമയാവസാനം മുതൽ ആറുമാസത്തേക്ക് നിലനിൽക്കുന്നതാണ്.

**ഷൈലജാ സിംഗ്**

അസിസ്റ്റന്റ് ജനറൽ മാനേജർ

പത്ര പ്രസ്താവന 2017-2018/101